**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3410** **26-10-2021 - ൽ മറുപടിയ്ക്ക്**

**പുതിയ അഗ്രോ സർവ്വീസ് സെന്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിൽ എത്ര അഗ്രോ സർവ്വീസ് സെന്ററുകൾ ഉണ്ടെന്ന് വിശദമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിൽ പത്ത് അഗ്രോ സർവ്വീസ് സെന്ററുകൾ നിലവിലുണ്ട്. |
| (ബി) | കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ എത്ര അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്; അവ ഏതെല്ലാമെന്ന് വിശദമാക്കാമോ; | (ബി) | കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ തിക്കോടി ബ്ലോക്കിലെ തിക്കോടി അഗ്രോ സർവ്വീസ് സെന്റർ മാത്രമാണ് നിലവിലുള്ളത്. |
| (സി) | കൊയിലാണ്ടി നിയോജക മണ്ഡലം പരിധിയിൽ പുതിയ അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിക്കാനായി അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; അവ ഏതാണെന്ന് വിശദമാക്കാമോ; | (സി) | ഇല്ല. |
| (ഡി) | പുതിയ അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിക്കുന്നതിന്/അനുവദിക്കുന്നതിന് പാലിക്കേണ്ട നടപടി ക്രമങ്ങൾ, ആയതിന്റെ ഘടന എന്നിവ എന്തൊക്കെയാണെന്ന് ചുരുക്കി വിശദമാക്കാമോ? | (ഡി) | ബ്ലോക്ക് അടിസ്ഥാനത്തിലാണ് അഗ്രോ സർവ്വീസ് സെന്ററുകൾ/കൃഷിശ്രീ സെന്ററുകൾ അനുവദിക്കുന്നത്. നിലവിൽ അഗ്രോ സർവ്വീസ് സെന്ററുകൾ/കൃഷിശ്രീ സെന്ററുകൾ ഇല്ലാത്ത ബ്ലോക്കുകളിലാണ് പുതിയവ അനുവദിക്കുന്നതിന് മുൻഗണന നൽകുന്നത്. കാർഷിക സേവന കേന്ദ്രം പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉള്ള ഏജൻസി/ ബ്ലോക്ക് പഞ്ചായത്ത്/ ഗ്രാമപഞ്ചായത്ത് എന്നിവയ്ക്ക് കാർഷിക സേവന കേന്ദ്രങ്ങൾ തുടങ്ങുന്നതിന് മുൻഗണന നൽകുന്നു. ഓഫീസിന് കുറഞ്ഞത് 25 ചതുരശ്ര മീറ്ററും ഫാം മെഷിനറി സൂക്ഷിക്കുന്നതിന് 200 ചതുരശ്ര മീറ്ററും സ്ഥലം ലഭ്യമാക്കാൻ കഴിയുന്ന ബ്ലോക്കുകളിലാണ് അഗ്രോസർവ്വീസ് സെന്ററുകൾ അനുവദിക്കുന്നത്. അഗ്രോ സർവ്വീസ് സെന്ററിന്റെ ഘടന അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**അഗ്രോ സർവ്വീസ് സെന്ററുകളുടെ ഘടന**

1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ മേൽനോട്ടത്തിൽ ബ്ലോക്ക് തലത്തിൽ കാർഷിക സേവന കേന്ദ്രങ്ങൾ ആരംഭിക്കാവുന്നതാണ്.
2. കാർഷിക സേവന കേന്ദ്രങ്ങൾ ഓരോ ബ്ലോക്ക് തലത്തിലും ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് 1955 (ദി ട്രാവൻകൂർ കൊച്ചിൻ ലിറ്റററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്റ്ററേഷൻ ആക്ട്, 1955) പ്രകാരമാണ് രജിസ്റ്റർ ചെയ്യുന്നത്.
3. കാർഷിക സേവന കേന്ദ്രം രൂപീകരണത്തിനായി തിരഞ്ഞെടുത്ത അംഗങ്ങളെ മാത്രം ഉൾപ്പെടുത്തി ചുരുങ്ങിയത് 7 സേവന ദാതാക്കളുമായി രജിസ്റ്റർ ചെയ്യാം.
4. കാർഷിക സേവന കേന്ദ്രം രൂപീകരിക്കുന്നതിന് സേവന ദാതാക്കളെ തിരഞ്ഞെടുത്ത് ഒരാഴ്ചയ്ക്കുള്ളിൽ രജിസ്റ്റർ ചെയ്യണം.
5. ബൈലോ പ്രകാരം പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ, മറ്റ് ഭാരവാഹികൾ എന്നിവരെ സേവന ദാതാക്കളിൽ നിന്ന് തിരഞ്ഞെടുക്കാം.
6. കാർഷിക സേവന കേന്ദ്രത്തിന്റെ നടത്തിപ്പിനും മേൽനോട്ടത്തിനുമായി രൂപീകരിച്ച ബ്ലോക്ക് ലെവൽ ഉപദേശക സമിതിയുടെ (BLAC) നിർദേശപ്രകാരം രജിസ്റ്റർ ചെയ്ത കാർഷിക സേവന കേന്ദ്രം പ്രവർത്തിക്കും.
7. ബ്ലോക്ക് ലെവൽ ഉപദേശക സമിതിയുടെ ചെയർമാൻ സ്ഥലം എം.എൽ.എ ആയിരിക്കും. ബ്ലോക്കിലെ മറ്റു നിയോജക മണ്ഡലങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവയുടെ എം.എൽ.എ ഉപാധ്യക്ഷനായും, ബ്ലോക്ക് പ്രസിഡന്റ് വൈസ് ചെയർമാനായും, കൃഷി അസിസ്റ്റന്റ് ഡയറക്ടർ കൺവീനറായും ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ, ബ്ലോക്കിലുൾപ്പെടുന്ന പഞ്ചായത്ത് പ്രസിഡന്റുമാർ, കൃഷിശ്രീ സെന്റർ പ്രസിഡന്റ്, സെക്രട്ടറി, ബ്ലോക്കിലെ കൃഷി ഓഫീസർമാർ, ഓരോ പഞ്ചായത്തിലെയും ഓരോ കർഷക പ്രതിനിധികൾ, കോ-ഓപ്പറേറ്റീവ് ബാങ്ക് പ്രതിനിധി, കൃഷിശ്രീ സെന്റർ ഫെസിലിറ്റേറ്റർ, ജില്ല കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ ബ്ലോക്ക് ലെവൽ കമ്മിറ്റിയുടെ അംഗങ്ങളും, ആത്മ പ്രോജക്ട് ഡയറക്ടർ, ARS മണ്ണുത്തിയുടെ പ്രതിനിധി എന്നിവർ പ്രത്യേക ക്ഷണിതാക്കളുമാണ്.
8. അഗ്രോ സർവീസ് സെന്ററിന്റെ ദൈനംദിന പ്രവർത്തനം കാർഷിക സേവന കേന്ദ്രത്തിന്റെ മാനേജ്മെന്റ് കമ്മിറ്റിയുടെ മേൽനോട്ടത്തിലായിരിക്കും. ബ്ലോക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടർ ചെയർമാനായും, അഗ്രോ സർവ്വീസ് സെന്റർ ഉൾക്കൊള്ളുന്ന പഞ്ചായത്തിലെ കൃഷി ഓഫീസർ കൺവീനറായും സെന്ററിന്റെ പ്രസിഡന്റ്, സെക്രട്ടറി, കൃഷിശ്രീ സെന്റർ നടത്തുന്ന ഏജൻസിയുടെ പ്രസിഡന്റ് (ഏജൻസി ഉണ്ടെങ്കിൽ), ഫെസിലിറ്റേറ്റർ, രണ്ടു കർഷക പ്രതിനിധികൾ തുടങ്ങിയവർ മെമ്പർമാരായിട്ടുള്ളതാണ് മാനേജ്മെന്റ് കമ്മിറ്റി.
9. കാർഷിക സേവന കേന്ദ്രത്തിന്റെ സംഘാടനം പ്രവർത്തനം എന്നിവ നിഷ്കർഷിച്ച് പ്രസിദ്ധീകരിച്ചിട്ടുള്ള മാന്വലിൽ ഇത് സംബന്ധിച്ച എല്ലാ വിവരങ്ങളും നൽകിയിട്ടുണ്ട്.